ഉത്തരം

(എ) സുനാമി ദുരന്തത്തിനുശേഷം മുഖ്യമന്ത്രിയുടെ ദുരുതാശ്വാസനിധിയിലേക്ക് 23,16,35 694 രൂപ 23-2-2005 വരെ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(ബി) വിശദമായ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) ആന്റ് (ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ സുനാമിയുമായി ബന്ധപ്പെട്ട് ലഭിച്ച തുക മറ്റാവശ്യങ്ങൾക്ക് വിനിയോഗിച്ചിട്ടില്ല.

കടലിൽ മുങ്ങിമരിച്ചവരുടെ രക്ഷകർത്താക്കൾക്കുള്ള ധനസഹായം

192 [1615] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004 ഡിസംബർ 25-ന് കടലിൽ കുളിക്കാനിറങ്ങിയ നിർദ്ധനകുടുംബത്തിൽപ്പെട്ട മൂന്നു കുട്ടികൾ ഇരവിപുരം, കാക്കത്തോപ്പ് കടൽതീരത്ത് മുങ്ങിമരിച്ച സംഭവത്തിൽ ഇവരുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിൽനിന്നും ധനസഹായം നൽകാൻ നടപടി കൈക്കൊള്ളുമോ ;

(ബി) ഇവരുടെ രക്ഷകർത്താക്കൾ ധനസഹായത്തിന് സമർപ്പിച്ച അപേക്ഷകൾ കൊല്ലം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളതിന്മേൽ ജില്ലാ കളക്ടർ വഴി ധനസഹായം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2004 ഡിസംബർ 25-ന് ഇരവിപുരത്ത് കടലിൽ കുളിക്കാനിറങ്ങിയപ്പോൾ മരണപ്പെട്ട മൂന്ന് പേരിൽ അപേക്ഷ ലഭിച്ച രണ്ടുപേരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് വാളത്തുങ്കൽ തുണ്ടിൽ കിഴക്കതിൽ ശ്രീ. മജീദ്, പെരിനാട് വള്ളകുളത്ത് മേലതിൽ ശ്രീമതി നദീറ എന്നിവരിൽനിന്നും ലഭിച്ച അപേക്ഷകൾ മരണപ്പെട്ടവരുടെ അവകാശികളെ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിന് ബന്ധപ്പെട്ട വില്ലേജ് ആഫീസർക്ക് അയച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ പദ്ധതി

193 [1629] ശ്രീ. ബിനോയ് വിശ്വം :

,, പി. നാരായണൻ :

,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും നൽകുന്ന ചികിത്സാ സഹായ പദ്ധതി ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—XI

[2-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 194 (1632)-ന്റെ ഉത്തരം ദയവായി കാണുക]

1. 2001 സെപ്റ്റംബർ മാസം 338 പഞ്ചായത്തുകളിലും 2002 മാർച്ചിൽ 295 പഞ്ചായത്തുകളിലേക്കും കുടുംബശ്രീ പ്രവർത്തനം വ്യാപിപ്പിച്ചു.

2. 2001 മേയ് മാസത്തിനുശേഷം 1,22,051 കുടുംബശ്രീ അയൽകൂട്ടങ്ങൾ രൂപീകരിക്കുകയും അയൽകൂട്ടങ്ങളിലൂടെ 425.95 കോടി രൂപ സമ്പാദ്യമായി സമാഹരിക്കുകയും ഈ തുക ഉപയോഗിച്ച് 902.92 കോടി രൂപ വായ്പയായി ലഭ്യമാക്കുകയും ചെയ്തു.

3. 45805 അയൽക്കൂട്ടങ്ങളെ ബാങ്കുകളുമായി ബന്ധിപ്പിക്കുകയും 165.66 കോടി രൂപ വായ്പയായി ലഭ്യമാക്കുകയും ചെയ്തു.

4. അടുത്ത തലമുറയിലേക്കുള്ള ദാരിദ്ര്യത്തിന്റെ വ്യാപനം തടയുന്നതിന് സംസ്ഥാന വ്യാപകമായി ബാലസഭകൾ ആരംഭിച്ചു. നാളിതുവരെ 3.32 ലക്ഷം കുട്ടികൾ അംഗങ്ങളായി 19977 ബാലസഭകൾ രൂപീകരിച്ചു.

5. പാവപ്പെട്ട കുടുംബങ്ങൾക്ക് അധിക വരുമാനം കണ്ടെത്തുന്നതിന് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചു. നാളിതുവരെ 235314 വനിതകൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു.

6. പാവപ്പെട്ടവരുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നൂതന പാർപ്പിട വായ്പ പദ്ധതി ഭവനശ്രീ ആരംഭിച്ചു. ഇതിലൂടെ 2021 പേർക്ക് വായ്പ ലഭ്യമാക്കി.

7. അശരണരും ആലംബഹീനരും കൊടിയ ദാരിദ്ര്യമനുഭവിക്കുന്ന അഗതി കുടുംബങ്ങളെ കണ്ടെത്തുകയും അവരുടെ പുനരധിവാസത്തിനായി ആശ്രയ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി. 2002-03 മുതൽ ആരംഭിച്ച പദ്ധതിയിൽ ഇതിനകം 296 പഞ്ചായത്തുകൾ പങ്കെടുക്കുകയും 23653 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

8. തരിശു കിടക്കുന്ന കൃഷി ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നതിലൂടെ കാർഷിക മേഖലയിൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും അയൽക്കൂട്ട അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും സാധിച്ചു. 774 പഞ്ചായത്തുകളിലെ 24424 അയൽകൂട്ടങ്ങളിലെ 258420 കുടുംബങ്ങൾ 14477 ഹെക്ടർ സ്ഥലത്ത് പാട്ടകൃഷി ചെയ്തു വരുന്നു.

9. കൊച്ചി നഗരസഭയിലെ മട്ടാഞ്ചേരി കേന്ദ്രീകരിച്ച് തീവ്ര ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുവേണ്ടി പ്രത്യേക പ്രോജക്ടിന് അനുമതി നേടുകയും അതിലേക്കായി പുതിയ ഒരു സി. ഡി. എസ്. കൂടി രൂപീകരിക്കുകയും ചെയ്തു.

മുകളിൽ സൂചിപ്പിച്ച പ്രവർത്തനങ്ങളെല്ലാം തന്നെ 2001 മേയ് മാസത്തിനുശേഷം ആരംഭിച്ചവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—XI (എ)

1. തിരുവനന്തപുരം താലൂക്കിലെ എല്ലാ ഗ്രമപഞ്ചായത്തു സി. ഡി. എസുകളെയും ബാങ്ക് ലിങ്കേജു പദ്ധതിയിൽ ഉൾപ്പെടുത്തി. 424 കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 2.32 കോടി രൂപ ലഭ്യമാക്കി.

2. കഠിനംകുളം, കുടപ്പനക്കുന്ന്, പോത്തൻകോട് എന്നീ ഗ്രാമ പഞ്ചായത്തിനേയും ആശ്രയ പുനരധിവാസ പദ്ധതിയിൽ കൊണ്ടുവന്നു.

3. ശ്രീകാര്യം പഞ്ചായത്തിലെ 500 നിർദ്ധനരായ കുടുംബങ്ങൾക്ക് എസ്. ബി. ഐ. യുടെ സഹായത്തോടെ ഭവനശ്രീ വായ്പ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു.

4. തിരുവനന്തപുരം കോർപ്പറേഷനോട് കൂട്ടിച്ചേർക്കപ്പെട്ട കടകംപള്ളി, ആറ്റിപ്ര, തിരുവല്ലം എന്നീ പ്രദേശങ്ങളിൽ 709 അഡ്ഹോക് അയൽകൂട്ടങ്ങൾ (NHGs) രൂപീകരിക്കുകയും, അയൽകൂട്ടതലത്തിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തു. ഈ കാലയളവിൽ താലൂക്കിൽ 188 ബാലസഭകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

5. തിരുവനന്തപുരം താലൂക്കിലെ കഴക്കൂട്ടം ബ്ലോക്കിൽപ്പെട്ട കഠിനംകുളം പഞ്ചായത്തിനെ ജില്ലയിലെ DS^3 പഞ്ചായത്തായി തെരഞ്ഞെടുത്തു.

6. ഇതേ കാലയളവിൽ തിരുവനന്തപുരം സി. ഡി. എസി-ന്റെ കീഴിൽ 59 ഗ്രൂപ്പ് സംരംഭങ്ങളും (DWCUA) 717 വ്യക്തിഗത സംരംഭങ്ങളും (USEP) ആരംഭിച്ചിട്ടുണ്ട്.

7. ഇതുകൂടാതെ താലൂക്കിലെ ഗ്രാമ പഞ്ചായത്തുകളിൽ ഈ കാലയളവിൽ 152 ഗ്രൂപ്പ് സംരംഭങ്ങളും 442 വ്യക്തിഗത സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തു പ്രദേശങ്ങളിൽ ഗ്രൂപ്പ് സംരംഭങ്ങളിലൂടെ 1520 കുടുംബങ്ങൾക്കും വ്യക്തിഗത സംരംഭങ്ങളിലൂടെ 442 കുടുംബങ്ങൾക്കും തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.

8. നഗരപ്രദേശങ്ങളിൽ DWCUA പദ്ധതിവഴി 635 കുടുംബങ്ങൾക്കും USEP പദ്ധതി പ്രകാരം 717 കുടുംബങ്ങൾക്കും തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly